ന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതും കത്തിന് മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ 18-3-2014-ലെ കത്ത് ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള നടപടിക്രമങ്ങളെകുറിച്ചുള്ള വ്യക്തത ആവശ്യപ്പെട്ടുന്നതാണ്. 27-3-2014-ൽ ധനകാര്യവകുപ്പിൽ ലഭിച്ച ടി കത്തുകൂടി പരിഗണിച്ചാണ് 54/2014/ധന തീയതി 3-6-2014 എന്ന സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവിന്റെ പകർപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുള്ളതാകുന്നു. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസി ചെയ്ത പ്രവൃത്തിയുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എൻജിനീയർ 16-8-2014-ലെ കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. GO(P) 304/2014/Fin dated 21-7-2014 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തിക്കുള്ള ബില്ലിനും. സീനിയോറിറ്റി പ്രകാരം Payment നൽകുന്നതിന് ഭരണവകുപ്പിന് നർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ടി ഉത്തരവിൽത്തന്നെ പ്രതിപാദിക്കുന്നുണ്ട്.

ആസ്തി വികസന പദ്ധതി സർക്കാരിന്റെ പുതിയ സ്കീമായതിനാലും അക്രഡിറ്റഡ് ഏജൻസികൾക്ക് ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലുമാണ് കാലതാമസം ഉണ്ടായത്. അക്രഡിറ്റഡ് ഏജൻസികൾക്ക് LAC-ADS പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളെക്കുറിച്ച് സർക്കാർ ഉടൻതന്നെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

സർക്കാർ കടം

189(529) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ ഒന്നുമുതൽ നാളിതുവരെ എത്ര കോടി രൂപയാണ് കടമെടുത്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് കടമെടുത്തിരിക്കുന്നത് ;

(സി) പ്രസ്തുത തുക ആസ്തി നിർമ്മാണ രംഗത്തോ വ്യാവസായിക/

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദന രംഗത്തോ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് തുക ; ഏതൊക്കെ മേഖലയിൽ ;

(ഡി) സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്ക് ഇപ്രകാരം കടമെടുത്ത തുക ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് തുക ;

(ഇ) വീണ്ടും കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര ?

ഉത്തരം

(എ&ബി) 2014 ഏപ്രിൽ ഒന്നുമുതൽ 26-11-2014 വരെ പൊതുവിപണിയിൽനിന്നും കേന്ദ്രസർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നുമായി ആകെ 10145.60 കോടി രൂപ കടമെടുത്തിട്ടുണ്ട്.

ഏജൻസി	തുക (കോടിയിൽ)
പൊതുവിപണി	9400
ലോകബാങ്ക്	354.83
JICA	83.34
ADB	41.23
നബാർഡ്	234.35
NSSF	31.85
ആകെ	10145.60

(സി&ഡി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും പൊതുവിപണിയിൽനിന്നും വായ്പ എടുക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ഇത്തരത്തിൽ വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. എന്നാൽ വിദേശ ഏജൻസികളായ എ.ഡി.ബി., ലോക ബാങ്ക്, ജിക്ക എന്നിവിടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നെടുത്തിട്ടുള്ള വായ്പകൾ യഥാക്രമം കെ.എസ്.യു.ഡി.പി., കെ.എസ്.റ്റി.പി., സ്ട്രിപ്, കെ.എൽ.എസ്.ഡി.പി., ഐ.എച്ച്.പി., കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്നിവയ്ക്കായിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പദ്ധതി	തുക (കോടിയിൽ)
DRIP	2.17
KSUDP	41.23
KSTP	25.87
KLGSDP	243.10
KWSP	83.34
KRWSSP	79.96
IHP	3.73

(ഇ) കടമെടുക്കാൻ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമേ കടമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടികൾ

190 (530) ശ്രീ. ബാബു. എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവസ്വംനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കരാറുകാർക്ക് നല്കാനുള്ള കുടിശ്ശിക തുക എത്രയെന്ന് അറിയിക്കാമോ ;

(ബി) കരാറുകാർക്ക് പണിതീർത്ത് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ ഏത് തീയതിവരെയുള്ള ബില്ലുകളാണ് അവസാനമായി കൊടുത്തു തീർത്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly